**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5468** **03-11-2021 - ൽ മറുപടിയ്ക്ക്**

**കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ വിപുലീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കാൻസർ രോഗത്തിന് ചികിത്സ നൽകുന്ന സ്വകാര്യമേഖലയിലെ ആശുപത്രികളെ കൂടി കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത പദ്ധതി വിപുലീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (എ) | കേരളത്തിൽ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നത് സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയാണ്. ചില സ്വകാര്യ ആശുപത്രികൾ കാൻസർ രോഗ ചികിത്സ നൽകുന്നതിനായി എംപാനൽ ചെയ്യാൻ താല്പര്യപ്പെട്ടുകൊണ്ട് സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് കത്ത് നൽകിയിട്ടുണ്ട്. കാൻസർ രോഗ ചികിത്സയുമായി ബന്ധപ്പെട്ട നിലവിലെ മാനദണ്ഡപ്രകാരം സ്വകാര്യ ആശുപത്രികൾ ഇതിന്റെ പരിധിയിൽ വരില്ല. പദ്ധതി മാനദണ്ഡം പുനഃക്രമീകരിക്കുന്നതും സ്വകാര്യ ആശുപത്രികളെ കൂടി കാൻസർ ചികിത്സക്ക് ഉൾപ്പെടുത്തുന്നതും പരിശോധിക്കുന്നതാണ്. |
| (ബി) | നിലവിൽ സ്വകാര്യ ആശുപത്രിയിൽ നിന്നും ചികിത്സ ലഭിക്കുന്ന ഏതെല്ലാം രോഗങ്ങൾക്കാണ് പ്രസ്തുത പദ്ധതി മുഖേന ആനുകൂല്യങ്ങൾ നൽകി വരുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | നാഷണൽ ഹെൽത്ത് അതോറിറ്റി രൂപ കൽപ്പന ചെയ്ത ഹെൽത്ത് ബെനഫിറ്റ് പാക്കേജ് (HBP) പ്രകാരമാണ് KASP പദ്ധതിയിലെ സൗജന്യ ചികിത്സ സംസ്ഥാന ആരോഗ്യ ഏജൻസി നടപ്പിലാക്കുന്നത്. നിലവിൽ ഹെൽത്ത് ബെനഫിറ്റ് പാക്കേജിൽ 25 സ്പെഷ്യാലിറ്റികളിലായി 1667 പാക്കേജുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സംസ്ഥാന സർക്കാർ വിഭാവനം ചെയ്ത 89 പാക്കേജുകളിൽ നിന്നും സൗജന്യ ചികിത്സ ലഭ്യമാണ്. ഇതിൽ Medical Oncology, Radiation Oncology, Surgical Oncology തുടങ്ങിയവയും, കൂടാതെ 62 മറ്റ പാക്കേജുകളും സർക്കാർ ആശുപത്രികൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുള്ളതാണ്. 1756 (1667+89) പാക്കേജുകളിൽ നിന്നും മുകളിൽ സൂചിപ്പിച്ച സർക്കാർ ആശുപത്രികൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുള്ള പാക്കേജു കൾ ഒഴികെയുള്ള എല്ലാ പാക്കേജുകളും സ്വകാര്യ ആശുപത്രികളിൽ ലഭ്യമാണ്. 62 മറ്റ പാക്കേജുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതിയിൽ കൂടുതൽ പേരെ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (സി) | 2018-2019 സാമ്പത്തിക വർഷം പ്രാബല്യത്തി ലുള്ള ആർ എസ് ബി വൈ കാർഡ് പുതുക്കിയവരും ചിസ്, ചിസ് പ്ലസ് എന്നീ പദ്ധതികളിൽ ഉൾപ്പെട്ടിരുന്നവരുമായ എല്ലാ ഗുണഭോക്താക്കളും ഉൾപ്പെടെ കേരളത്തിലെ 41.70 ലക്ഷം കുടുംബങ്ങൾക്ക് പ്രതിവർഷം 5 ലക്ഷം രൂപയുടെ സൗജന്യ ചികിത്സ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിലൂടെ ലഭ്യമാണ്. കൂടാതെ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി യിൽ ഉൾപ്പെടാത്തതും 3 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ളതുമായ കുടുബങ്ങ ൾക്ക് APL BPL വ്യത്യാസമില്ലാതെ ഒറ്റതവണ ത്തേക്ക് 2 ലക്ഷം രൂപയുടെ സൗജന്യ ചികിത്സയും SHA ൽ എംപാനൽ ചെയ്ത ആശുപത്രികളിൽ നിന്നും കാരുണ്യ ബെനവലന്റ് ഫണ്ട്(KBF) പദ്ധതിയിലൂടെയും ലഭ്യമാക്കി വരുന്നു. വൃക്ക സംബന്ധമായ അസുഖമാ ണെങ്കിൽ മൂന്ന് 3 ലക്ഷം രൂപയുടെ ചികിത്സ ആനുകൂല്യം ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ